അദ്ധ്യയന ദിവസങ്ങളുടെ പരിധിയിൽ വരുന്നില്ല. യു.ജി.സി. ശമ്പള പരിഷ്ക്കരണത്തോടൊപ്പം വ്യവസ്ഥ ചെയ്തിരിക്കുന്ന 180 ദിവസങ്ങൾ എന്നത് യഥാർത്ഥ അദ്ധ്യയന ദിവസങ്ങൾ ആണ്. കേരള സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ച യു.ജി.സി. പദ്ധതിയിലും മേൽ പറഞ്ഞത് തന്നെയാണ് വ്യവസ്ഥ.

കോളേജുകളിലെ അദ്ധ്യയന സമയം വർദ്ധിപ്പിച്ച നടപടി

92 (2072) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. അദ്ധ്യാപകരുടെ ജോലി സമയം വർദ്ധിപ്പിക്കുന്നതിന് മുമ്പ് അദ്ധ്യാപക സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) കോളേജുകളിലെ അദ്ധ്യയന സമയം സംബന്ധിച്ച് അതാത് കോളേജുകളിലെ പ്രിൻസിപ്പൾമാർക്ക് അധികാരം നൽകിയിട്ടുണ്ടോ ;

(സി) കോളേജുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) കോളേജ് അദ്ധ്യാപകരുടെ അദ്ധ്യയനസമയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി വീണ്ടും ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമോ ?

ഉത്തരം

(എ) ജോലി സമയം തുടങ്ങിയ നിബന്ധനകൾ ഉൾപ്പെടുന്ന പുതിയ യു.ജി.സി. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ പരിശോധിക്കുവാൻ വേണ്ടി സർക്കാർ നിയോഗിച്ച മൂന്നംഗ സമിതി ബന്ധപ്പെട്ട എല്ലാ സംഘടനകളുമായി ചർച്ച നടത്തിയിരുന്നു.

(ബി) ഇല്ല. എന്നാൽ ശനിയാഴ്ച പ്രവർത്തി ദിവസമാക്കുന്ന കാര്യത്തിൽ ആവശ്യാധിഷ്ഠിത അടിസ്ഥാനത്തിൽ തീരുമാനമെടുക്കുവാൻ പ്രിൻസിപ്പൾമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) യു.ജി.സി. നിർദ്ദേശ പ്രകാരമാണ് അദ്ധ്യയന സമയം ശമ്പള പരിഷ്ക്കരണത്തോടൊപ്പം ഇവിടേയും നടപ്പിലാക്കിയത്.

യു.ജി.സി. നിഷ്കർഷിക്കുന്ന പഠന അദ്ധ്യാപന നിലവാരം

93 (2073) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.ജി.സി. നിഷ്കർഷിക്കുന്ന പഠന അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിന് യൂണിവേഴ്സിറ്റി തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly